

| | NAME TEACHERS : PCGHS VELLIKULANGARA | | |
|---|---|---|---|
| SL NO | Name | Desig. | PHONE NUMBER |
| 1 | SR.LIZY P V | HM | 7025833481 |
| 2 | SR SUNITHA A O | HST MATHS | 8281382772 |
| 3 | SMT.NITA JOSE KALLELY | H.S.T Maths | 8086422134 |
| 4 | SMT. JAYMOL JOSEPH | HSTPHY.SC | 9745554952 |
| 5 | SMT.ELSY | HST PHY.SC | 9495713710 |
| 6 | SR. MANJU ANTO | H.S.T NAT.SCIENCE | 8590691016 |
| 7 | SR.SALINI KURIAKOSE | H.ST NAT.SC | 9497801933 |
| 8 | SR.REENA PAUL AMBOOKAN | HST SO.SCIENCE | 8590385875 |
| 9 | SMT.JINCY JOSEPH | H.ST So.Sc | 8592808925 |
| 10 | SMT.HILA JOSEPH | HST ENG | 9846829935 |
| 11 | SMT.CANDY KURIAKOSE | HS.T ENG | 9847758461 |
| | Language Teachers | | |
| 12 | SR SINDHU M P | HSA MAL | 7736748161 |
| 13 | SMT JINTU THOMAS | H.S.T MAL | 9947803927 |
| 14 | SR.BINOY MATHEW | HST HINDI | 7994552312 |
| | **Specialist** | | |
| 15 | SMT.LINCY JOSEPH | PHY. EDN | 9746457555 |
| 16 | SMT ROSMY DAVIS | CRAFT | 7356317037 |
| | **UPSA** | | |
| 17 | SMT.C.RENNY THOMAS | UPST | 9446995922 |
| 18 | SMT.PREETHY PAUL | UPST | 8547029210 |
| 19 | SMT. PRINCY C.D | UPST | 9745379418 |
| 20 | SMT.DHANYA JOSE | UPST | 9846391733 |
| 21 | SMT.SIJY K.J | UPST | 9846224804 |
| 22 | TEENA PAUL | UPST | 9061082563 |
| 23 | SR JINSY JOSE | UPST | 7736332291 |
| 24 | SMT.JESSU.P.J | UPST | 8589968163 |
| 25 | SMT.VIKSY VARGHESE | UPST | 8592097549 |
| 26 | SOUMYA O R | UPST | 9446879848 |
| 27 | SMT.REXY BYRUS | UPST | 9995490258 |
| | **Language Teachers** | | |
| 28 | SMT.JIFFY JOY | HINDI(JR.) | 9605272437 |
| | **NTS** | | |
| 29 | SR.LILLY VARGHES N | Clerk | 9400357590 |
| 30 | SMT SHEEJA P T | Off.Attendant | 8589822921 |
| 31 | SMT. ALPHONSA M D | Off.Attendant | 7025168981 |
| 32 | SMT.SIJI RAPHEL | FTM | 7034242255 |

| | |
|---|---|
| School Website | |
| Headmaster Phone | 7025833481 |
| School Category | General |
| SITC Name | SMT.JAYMOL JOSEPH |
| SITC Mobile Number | 9745554952 |
| Last Tc Number | 154/23040/2023 |
| Instruction Medium | Malayalam And English |
| Clubs | It, Social, Science, Maths Club, Social Science Club, Arts Club, Work Experience, Gandhi Darsan, Forestry Club, Eco Club, Health Club, Readers Club, Energy Club, Social Service Club, Sports Club, Scouts And Guides, Vidhya Rangam Kala Sahitya Vedhi, Nature, English Club, Hindi Club, Safety Club, Green Club, Filately Club, Film Club, Junior Red Cross, And Legal Club |

സ്കൂൾ പ്രൊഫോർമ I

വിദ്യാർത്ഥികളുടെ അംഗസംഖ്യ

വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| | |
|---|---|
| **റവന്യൂ ജില്ലയുടെ പേര്** | Thrissur |
| **വിദ്യാലയത്തിന്റെ പേര്** | P C G H S VELLIKULANGARA |
| **അഡ്രസ്സ്** | VELLIKULANGARA |
| **ഫോൺ നമ്പർ** | 04802740174 |
| **ഇ-മെയിൽ അഡ്രസ്സ്** | pcghsvellikulangara@yahoo.com |
| **സ്കൂൾ കോഡ്** | 23040 |
| **ആൺകുട്ടികൾ / പെൺകുട്ടികൾ / രണ്ടുംകൂടിയുള്ളത്** | രണ്ടുംകൂടിയുള്ളത് |
| **സർക്കാർ/ എയിഡഡ്/ അൺഎയിഡഡ്** | Aided |
| **ക്ലാസ് ( സ്റ്റാൻഡേർഡ് )** | ആരംഭം: 5 അവസാനം: 10 |
| **സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര്** | General |
| **വിദ്യാഭ്യാസ ഉപജില്ല** | Chalakudy |
| **വിദ്യാഭ്യാസ ജില്ല** | Irinjalakuda |
| **സ്കൂൾ സ്ഥാപിച്ച വർഷം** | 1954 |
| **അസംബ്ലി നിയോജകമണ്ഡലം** | Pudukkad |
| **പാർലമെന്റ് നിയോജകമണ്ഡലം** | Thrissur |
| **റൂറൽ/അർബൻ** | റൂറൽ |
| **ബ്ലാക്ക്** | Kodakara |
| **ാലൂക്ക്** | Mukundapuram |
| **ഞ്ചായത്ത്*/ മുനിസിപ്പാലിറ്റി / കാർപ്പറേഷൻ** | Mattathur |

dit with WPS Office

## ഉള്ളടക്കം


ആമുഖം
സ്കൂൾ ചരിത്രം
ലക്ഷ്യങ്ങൾ
വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ
അവസ്ഥാവിശകലനം
വിഷയമേഖലകൾ
മികവുകൾ
പ്രവർത്തനങ്ങളുടെ വിശദാംശം
ഉപസംഹാരം

# ആമുഖം

ശാസ്ത്രശാഖകളുടെയും വിവരസാങ്കേതിക വിദ്യയുടെയും അതിനൂതന സാധ്യതകൾ മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വളർന്നു വരുന്ന വിദ്യാർത്ഥി ലോകത്തിന് ഈ സാധ്യതകളെ എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് ഏവരും ഉറക്കെ ചിന്തിക്കുന്ന അവസരമാണിത് . കലാകായിക ശാസ്ത്ര സാഹിത്യ അക്കാദിമിക വേദികളിൽ ഉന്നത നിലവാരം പുലർത്തുന്ന വെള്ളിക്കുളങ്ങര പ്രസ ന്റേഷൻ കോൺവെന്റ് ഗേൾസ് ഹൈസ്കൂളിലെ കൊച്ചു മിടുക്കന്മാരും മിടുക്കികളും കലയും സർഗ്ഗവാസനകളും ബുദ്ധി വൈശിഷ്ട്യവും ഒരു പോലെ സംയോജിപ്പിക്കുന്നത്തിൽ എന്നും മുൻ നിരയിലാണ്. വിദ്യാലയ സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത് ഞങ്ങളുടെ എല്ലാ വിദ്യാർത്ഥികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ മികച്ച പ്രവർത്തനങ്ങളും പഠനോപകരണങ്ങളും പഠന സൗകര്യങ്ങളും സാഹചര്യങ്ങളും ലഭ്യമാക്കുക എന്നതാണ് .ഈ ലക്ഷ്യത്തെ മുൻനിർത്തി ഇനിയും കണ്ടെത്താവുന്ന നൂതന സ്രോതസ്സുകളും ഒരുക്കാവുന്ന സൗകര്യങ്ങളെ സംഘടിതമായ രീതിയിൽ ക്രമീകരിക്കുന്നതിലുള്ള ശ്രമത്തിലാണ് ഞങ്ങൾ അധ്യാപകരും വിദ്യാർത്ഥികളുംരക്ഷാകർത്തൃ സംഘടനയും മറ്റും വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്ക് ആവശ്യമായ എല്ലാ മേഖലകളും പരമാവധി സാധിക്കുന്നു. മികച്ച വിദ്യാർത്ഥി മികച്ച വിദ്യാലയം എന്ന ചിരകാല സ്വപ്നത്തിന്റെ പൂർത്തീകരണവുമാണ് ഈ പദ്ധതിയിലൂടെ ഞങ്ങൾ കാത്തിരിക്കുന്നത്.

# പ്രസൻ്റേഷൻ കോൺവെൻ്റ് (P.C.G.H.S) സ്കൂളിൻ്റെ ചരിത്രം

മധ്യകേരളത്തിൽ [illegible]ത്തിൻ്റെ [illegible] അതിർത്തിയായി NH 17 [illegible] ചാലക്കുടി കൊടകര പ്രദേശത്തു നിന്നും ഏകദേശം 15 KM കിഴക്കു ഭാഗത്തായി. മനോഹരമായ കോടശ്ശേരി മലയാൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രകൃതി സുന്ദരമായ ഒരു ഗ്രാമമാണ് വെള്ളിക്കുളങ്ങര. തദ്ദേശ വാസികളോടൊപ്പം പാലാ, ഇടുക്കി, കോട്ടയം പ്രദേശത്തു നിന്നും കുടിയേറി പാർക്കുന്നവരും ആനപ്പാന്തം തുടങ്ങിയ ആദിവാസി പ്രദേശത്തു നിന്നും ഈ മലയോര പ്രദേശം പങ്കിടുന്നു. ഈ പ്രദേശത്തിൻ്റെ തിലകച്ചാർത്തായി ഇവിടത്തെ ആളുകളുടെ സാംസ്കാരികോന്നമനത്തിൻ്റെ ഉറവിടമായി വിലസുന്ന ഈ പ്രസൻ്റേഷൻ കോൺവെൻ്റ് ഗേൾസ് ഹൈസ്കൂളിന് ഒരു സുവർണ്ണ ചരിത്രമുണ്ട്.

1952 - ൽ ബ.വടശ്ശേരി അബ്രാഹം അയ്യൽ ഈ നാട്ടിലെ തൻ്റെ ബന്ധുക്കൾക്കും പരിയാരം, കുറ്റിക്കാട് തുടങ്ങിയ പല പ്രദേശങ്ങളിൽ നിന്നു കർഷകരായി വന്നവർക്കും ദിവ്യബലിയർപ്പണവും മതപഠനവും സാധിതമാക്കുന്നതിനായി ഒരു സ്ഥാപനം ഉണ്ടായികാണാൻ ആഗ്രഹിച്ചു. ഈ ലക്ഷ്യം വച്ചുകൊണ്ട് ബ.അയ്യൻ ചാലക്കുടി ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് മഠാധിപ ബ.ബ്രയത്രീസാമ്മയേയും , കാവുങ്ങൽ തറവാട്ടിലെ ബ.എവുപ്രാസിയമ്മയേയും , പരിയാരം വെണ്ണാട്ടുപറമ്പിൽ ബ.ലെറ്റീസമ്മയേയും ,ചാലക്കുടി പള്ളിശ്ശേരി ബ.അൽബർത്തമ്മയേയും ചെന്ന്കണ്ട് തൻ്റെ ആഗ്രഹം പ്രകടിപ്പിച്ചു.അവരിലൂടെ ഈ പ്രദേശത്ത് ഒരു മഠം സ്ഥാപിക്കുന്നതിനുള്ള ആലോചനയും ആരംഭിച്ചു.

അന്നത്തെ ക്ലാരസഭാധികാരികൾ 1952 സെപ്റ്റംബർ 26 -ാം തിയ്യതി ഈ സ്ഥല സന്ദർശിക്കുകയും ,1952 നവംബർ 1 -ന് കിഴക്കേ ചാലക്കുടി പള്ളി വികാ ബ.യാക്കോബ് അച്ഛനും അബ്രാഹം വടശ്ശേരി അച്ഛനും ജനറാളമ്മയും മ സിസ്റ്റേഴ്സും , ഈ നാട്ടിലെ പ്രധാനികളായ ഏതാനും\പൗരൻമാര വെള്ളിക്കുളങ്ങര താമസമാക്കിയ പാലക്കാരനായ ഐപ്പൻപറമ്പിൽ കുന്നേ ചാക്കോയുടെ ബംഗ്ലാവിൽ സമ്മേളിച്ച് ഒരു മഠവും കപ്പേളയും മിഡിൽ സ്കൂ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ച് ,അതിനുവേണ്ടി ഉദാരമതിക സമീപിച് പണം പിരിച്ചെടുക്കാമെന്നും തീരുമാനിച്ചു .വൈകാതെ ത

ഇതിനുള്ള അപേക്ഷ തൃശ്ശൂർ രൂപാധ്യക്ഷന് നൽകുകയും അത് അനുവദി കിട്ടുകയും ചെയ്തു.

ചാലക്കുടി പള്ളിവികാരി ബ.വടക്കൂട്ട് യാക്കോബച്ചനെ കർമ്മലയു പ്രകാണിക്കമാതാവിന്റെ നാമധേയത്തിൽ മഠവും സ്ഥാപിക്കുന്നതി ചുമതലപ്പെടുത്തി. അതിനായി കട്ടക്കയം ജോസഫിൻറെ മകൻ ജോണിൻ്റെ സ്ഥലം ലഭിച്ചു . ആകെ 10 ഏക്കറിൽ 3 ഏക്കർ ദാനമായും ബാക്കിയുള്ള ഏക്കറിന് 500/ - പ്രകാരം വിലക്ക് വാങ്ങുകയും ചെയ്തു . 1952 ഡിസംബ 21- ാ ം തീയതി മഠത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിക്കപ്പെട്ടു.

അനുദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളികുളങ്ങരയുടേയു സമീപ പ്രദേശങ്ങളുടെയും ഉന്നമനത്തിന് ഒരു മിഡിൽ സ്കൂൾ ഒഴിച്ച കൂടാനാവാത്ത ഒന്നാണെന്ന് ഏവർക്കും ബോധ്യപ്പെട്ടു .കുന്നുകൾക്കും കുറ്റികാടുകൾക്കുമിടയിലായി മലഞ്ചരുവിൽ വിദൂരത്തിൽ സ്ഥിതിചെയ്യുന്ന പ്രൈമറി സ്കൂളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കാനുള്ള ഏക മിഡിൽ സ്കൂൾ 4 മൈൽ അകലെ സ്ഥിതി ചെയ്യുന്ന മറ്റത്തൂർ മിഡിൽ സ്കൂൾ മാത്രമായിരുന്നു.

ആ കാലഘട്ടത്തിൽഗ്രാമീണരുടെ ജീവിതത്തെ സർവ്വ പ്രകാരേണയും ഉയർത്തുന്നതിനായി അക്ഷീണ പരിശ്രമം ചെയ്ത് വന്നിരുന്ന ചാലക്കുടി കമ്മ്യൂണിറ്റി പ്രൊജക്റ്റ് അധികൃതരുടെ ശ്രദ്ധ ഈ മലഞ്ചരുവിലെ ജനങ്ങളുടെ ഉദ്ധാരണത്തിലേക്ക് പതിയുന്നതിന് ഇടയായി . പ്രൊജക്റ്റ് എക്സിക്യൂട്ടീവ് ഓഫിസർ ശ്രീ .ജി .രാമനാഥയ്യരുടെ പ്രത്യേക പരിശ്രമഫലമായി വിദ്യാഭ്യാസ ഡയറക്ടർ ശ്രീ സുന്ദർരാജ് നായിഡു ഇവിടം സന്ദർശിക്കുകയും , 1954 മെയ് 7 ന് സ്കൂൾ പ്രവർത്തനത്തിനുള്ള അനുമതി നൽകുകയും , ആ വർഷം ജൂൺ 7 ന് ക്ലാസ്സ് ആരംഭിക്കുകയും ചെയ്തു . ശ്രീ പനമ്പിള്ളി ഗോവിന്ദ മേനോന്റെയും കട്ടക്കയം ജോസഫ് അവർകളുടെയും ആത്മാർത്ഥമായ സഹകരണം ഈ കാര്യത്തിൽ ഉണ്ടായിരുന്നു .

കി ചാലക്കുടി S .H .C .G .H .S ൻ്റെ മാനേജർ ബ . ബയത്രീസമ്മ ഈ സ്ഥാപനത്തിന്റെയും മാനേജർ ആകുകയും ആദ്യത്തെ അധ്യാപികയും ഹെഡ് മിസ്ട്രെസ്സുമായി സി . ഫ്രാൻസീനയെ നിയമിക്കുകയും ചെയ്തു . തൽകാലം സ്കൂൾ നടത്തുന്നതിനായി ചാലക്കുടിക്കാരൻ ശ്രീ .പി സിക്കന്തർ

സാഹിബിൻ്റെ ഒരു ഷെഡ് വാടകക്ക് എടുത്ത് 46 കുട്ടികളുമായി 5 - ാ ം ക്ലാസ് ആരംഭിച്ചു . വിദ്യാർത്ഥികളുടെ അഡ്മിഷൻ അടുത്തുള്ള പ്രൈമറി വിദ്യാലയത്തിലാണ് നടത്തിയത് . ഡിസംബർ 22 - ാ ംന് പുതിയ സ്കൂൾ കെട്ടിടത്തിൽ രണ്ട് ക്ലാസ് മുറികൾ ശരിയാക്കി ഷെഡിൽ നിന്നും ക്ലാസ് പുതിയ സ്കൂളിലേക്ക് മാറ്റി .

പുതിയ സ്കൂളിൻ്റെ ഔപചാരിക ഉദ്ഘടാനം 1955 മാർച് 2 - ാ ംന് തൃശ്ശൂർ ബിഷപ്പ് റെറ്റ് . റവ .ഡോ .ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സ് കൊണ്ട് നിർവഹിച്ചു. 1955 ൽ 120 കുട്ടികളോട് കൂടി 3 അപ്പർ പ്രൈമറി ക്ലാസ്സുകൾ പ്രവർത്തനമാരംഭിച്ചു . ഫോം 111 ഏഴാം ക്ലാസ്സ് പൂർത്തിയായപ്പോൾ ഹെഡ് മിസ്ട്രെസ്സായി റവ .സി ആൻറണിറ്റ നിയമിതമായി .

ഈ നാടിൻ്റെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ പുരോഗതിയെ ലക്ഷ്യം വച്ച് ചാലക്കുടി പള്ളിവികാരി ബ .വടക്കൂട്ട് യാക്കോബച്ചൻ ഈ U .P സെക്ഷനെ ഹൈ സ്കൂൾ ആയി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു . തത്ഫലമായി 1957 മെയ് 27 - ാ ം ന് വിദ്യാഭ്യാസ ഡയറക്ടർ Dr .C .S .വെങ്കിടേശ്വരത്തിൽ നിന്നും അനുമതി ലഭിച്ചു അങ്ങനെ 1957 മുതൽ ഇവിടെ പെൺകുട്ടികൾക് വേണ്ടിയുള്ള ഹൈ സ്കൂൾ ആരംഭിച്ചു

ഹൈസ്കൂൾ ആയി ഉയർത്തപ്പെടുന്നതിനു മുമ്പുതന്നെ 12 ക്ലാസ് മുറികളോട് കൂടിയ ഒരു സ്കൂൾ കെട്ടിടം പണി കഴിപ്പിച്ചിരുന്നു . പൂർത്തീകരിക്കപ്പെട്ട ഹൈസ്കൂളിൻ്റെ പ്രഥമ വാർഷികവും രക്ഷാകർതൃദിനവും 1960 ഫെബ്രുവരി 22 - ാ ംന് ഇരിങ്ങാലക്കുട D .E .O . ശ്രീ . ജനാബ് മോഹ്സിൻ ബിൻ അഹമ്മദ് അവർകളുടെ മഹനീയ അധ്യക്ഷതയിൽ കൊണ്ടാടി.

1960 ജൂൺ 22 – ാ ം ന് ഈ സ്കൂളിൻ്റെ പ്രധാന അദ്ധ്യാപിക ആയി റവ .സി . മേരി ആൻ ചാർജ്ജ് എടുത്തു . 1968 S S L C പരീക്ഷാകേന്ദ്രം നമ്മുടെ സ്കൂളിന് അനുവദിച്ചു കിട്ടിയതോടെ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളും,ചുമതലപ്പെട്ട അധ്യാപകരും അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകൾക്ക് പരിസമാപ്തിയായി.

1960 മുതൽ 1977 വരെ സി .മേരി ആനും 1977 മുതൽ 1987 വരെ സി . ജോവിറ്റയും 1987 മുതൽ 1977 വരെ സി .ഹെർമ്മസുമാണ് പ്രധാന അദ്ധ്യാപകരായി ഈ സ്ഥാപനത്തെ ഉന്നതിയിലേക്ക് നയിച്ചത് . 1979 ൽ ഈ



വിദ്യാലയത്തിന്‍റെ സില്‍വര്‍ ജൂബിലിയോടനുബന്ധിച്ച് P.T.A യുടേയും പൂര്‍വ്വ വിദ്യാര്‍ത്ഥികളുടെയും ശ്രമഫലമായ മനോഹരമായ ഒരു സ്റ്റേജ് ഇവിടെ നിര്‍മ്മിക്കപ്പെട്ടു .1985 ല്‍ ഈ വിദ്യാലയം തൃശ്ശൂര്‍ ജില്ലയിലെ ബെസ്ററ് സ്കൂളിനുള്ള അര്‍ഹത നേടി അതേ വര്‍ഷത്തില്‍ തന്നെ ഹെഡ് മിസ്ട്രെസ്സ് ആയിരുന്ന റവ.സി ജോവിറ്റക്ക് സംസ്ഥാന അവാര്‍ഡ് ലഭിച്ചത് സ്കൂളിന്‍റെ പ്രശസ്തിക്ക് മാറ്റ് കൂട്ടി . 1986 - ല്‍ തന്നെ കേരളത്തിലെ ബെസ്ററ് സ്കൂള്‍ നുള്ള അര്‍ഹത നേടിയത് . P.C.G.H സ്കൂളിന്‍റെ നാമധേയം കേരളക്കരയാകെ അറിയപെടുന്നതിനിടയാക്കി .



H . M ആയിരുന്ന സി സോഫിറോസ് ചാലക്കുടി ഉപജില്ല യിലെ പ്രധാനാദ്ധ്യാപകര്‍ക്കുള്ള അവാര്‍ഡ് 2004 ല്‍ കരസ്ഥമാക്കിയത് സ്കൂളിന് ഈ വത്സരത്തിലെ ഒരവിസ്മരണീയ സമ്മാനമായി അത് മാറി 1980 മുതല്‍ S .S .L .C യില്‍ ഇവിടുത്തെ കുട്ടികള്‍ നേടിക്കൊണ്ടിരിക്കുന്ന ഉയര്‍ന്ന വിജയ ശതമാനമാണ് .P T A യുടെ ആഭിമുഖ്യത്തില്‍ 1995 ല്‍ " ALL KERALA INTER SCHOOL VOLLY BALL TOURNAMENT " ഇവിടെ ആരംഭിച്ചു ഈ സ്കൂളിനെയും പ്രദേശത്തെയും കേരളം മുഴുവന്‍ അറിയിച്ചു കൊണ്ടിരിക്കുന്ന ഒരു സംരംഭമാണിത് . 2004 -ലെ ടൂര്‍ണമെന്‍റില്‍ WINNERS ആയത് നമ്മളാണ്. തൃശ്ശൂര്‍ റവന്യു ജില്ലക്ക് തന്നെ അഭിമാനമായി നില്‍ക്കുന്ന ഈ വിദ്യാലയത്തിലെ വോളിബാള്‍, ഖൊ-ഖൊ , ബാറ്റ് മിന്‍റണ്‍ ടീമുകള്‍ സംസ്ഥാന ദേശീയതലങ്ങളില്‍ ഉന്നതനിലവാരം പുലര്‍ത്തികൊണ്ടിരിക്കുന്നു .

ഇന്‍ഡ്യന്‍ ടീമിലേക്കും ,റെയില്‍വേ ,K .S .E .B , F .A .C .T , തുടങ്ങിയ സ്ഥാപനങ്ങളിലേക്കും കായിക താരങ്ങളെ സംഭാവന ചെയ്യാന്‍ മാത്രം ഉന്നത നിലവാരം പുലര്‍ത്തുന്നതാണ് ഈ സ്ഥാപനത്തിന്‍റെ കായിക രംഗത്തിലുള്ള വളര്‍ച്ച. ഹെഡ്മിസ്ട്രസ് സി ജോവിറ്റക്ക് 1986 ല്‍ ബസ്റ്റ് അവാര്‍ഡ് ലഭിച്ചതിന്‍റെ സ്മരണക്കായി ഈ വിദ്യാലയത്തിലെ ജല ദൗര്‍ലഭ്യം നീക്കിയെടുക്കാന്‍ P .T .A യോടൊപ്പം പൂര്‍വ്വ വിദ്യാര്‍ത്ഥികളും ചേര്‍ന്ന് 2 1/2 ലക്ഷം രൂപ ചിലവഴിച്ച് ഒരു വാട്ടര്‍ടാങ്ക് നിര്‍മിച്ചിട്ടുണ്ട്. ഈ വിദ്യാലയത്തിന്‍റെ ആരംഭം മുതല്‍ ഇതിന്‍റെ സുഖമമായ വളര്‍ച്ച പരിശോധിച്ചാല്‍ P.T .A പ്രസിഡന്‍റുമാരുടെയും അംഗങ്ങളുടെയും നിസ്തുല സേവനം വിസ്മരിക്കാവുന്നതല്ല. ഇതിന്‍റെ തെളിവാണ് 1996 -97 ല്‍ ലഭിച്ച തൃശ്ശൂര്‍ ജില്ലയിലെ ബെസ്റ്റ് PTA അവാര്‍ഡ് . ഈ സരസ്വതി ക്ഷേത്രത്തില്‍ നിന്നും വിദ്യ നുകര്‍ന്നെടുത്ത് റാങ്ക് ജേതാക്കളും അഭ്യസ്തവിദ്യരുമായി എല്ലാ ഭൂഖണ്ഡങ്ങളിലും വിരാജിക്കുന്ന നിരവധി പൂര്‍വ്വ വിദ്യാര്‍ത്ഥികള്‍ ഉണ്ടെന്ന വസ്തുത അഭിമാനാര്‍ഹമാണ് .

കായിക രംഗത്ത് ഏറെ വര്‍ഷങ്ങളായി ഈ സ്കൂളിനെ നിസ്തുലമായി സേവിച്ചിരുന്ന ശ്രീ.ശശി മാസ്റ്റര്‍ 2006 മാര്‍ച്ചില്‍ റിട്ടയര്‍ (സ്കൂളില്‍ ല്‍ നിന്നും ) ചെയ്യപ്പോള്‍ ഉചിതമായ ഒരു SEND -OFF നമ്മളും നടത്തുകയുണ്ടായി.25/ 05/ 2006 ല്‍ SSLC റിസള്‍ട്ട് വന്നു. നവീകരിച്ച പരീക്ഷ സംമ്പ്രദായത്തില്‍ നടത്തിയ (ഗ്രേയ്ഡ് സിസ്റ്റം ) പരീക്ഷയില്‍ 135/ 135 കുട്ടികളും പാസ്സായി 100 % വിജയവും 5 കുട്ടികള്‍ക്ക് 13 A + ഉം 1 കുട്ടിക്ക് 12 A + ഉം 1 A യും നമ്മുടെ സ്കൂളിന് ലഭിച്ചു. ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ 91 ഹൈസ്കൂളില്‍ 5 സ്കൂളുകള്‍ക്ക് മാത്രമേ 100 % വിജയം ലഭിച്ചുള്ളൂ .അവയിലെ ഒന്നും 100 % വിജയം ലഭിച്ച ഏക AIDED SCHOOL ഉം നമ്മളായിരുന്നു. വിവിധ തലങ്ങളില്‍ നിന്നും അനുമോദനങ്ങളും സമ്മാനങ്ങളും സ്കൂള്‍ അധികൃതര്‍ ഏറ്റുവാങ്ങി .

10.11.2007 ല്‍ പുതുതായി പണി തീര്‍ത്തതും MLA ഫണ്ടില്‍ നിന്നും ലഭിച്ചതും 100000 ലിറ്റര്‍ വെള്ളം കൊള്ളുന്നതുമായ ശുദ്ധജലസംഭരണി ഉദ്ഘാടനം ചെയ്തു .Hi - Tech ക്ലാസുകള്‍ പ്രവര്‍ത്തനസജ്ജമാക്കി .

2020 -21 അധ്യയനവര്‍ഷം Covid -19 ന്‍റെ പശ്ചാത്തലത്തില്‍ സ്കൂള്‍ തുറന്ന് പ്രവര്‍ത്തിക്കാനായില്ലെങ്കിലും June - 2 – ാം തിയ്യതി മുതല്‍ ഓണ്‍ലൈന്‍ ക്ലാസുകള്‍ ആരംഭിക്കുകയും എല്ലാ വിദ്യാര്‍ത്ഥികളുമതില്‍ സജീവമായി പങ്കെടുക്കുകയും അധ്യാപകര്‍ എല്ലാ പിന്‍തുണയും നല്‍കുകയും ചെയ്തു. സാധാരണ അധ്യയനം അസാധ്യമാക്കിയ അധ്യയന വര്‍ഷത്തില്‍

ക്ലാസ്റൂമിലെ പഠനം വിട്ട് മുറിയിലേക്ക് മാറുകയും Black Board ന് പകരം Computer ,Mobile Phone ,TV Screen ,Tablet ,Laptop എന്നിവ ഉപയോഗ യോഗ്യമാവുകയും ചെയ്തു അതു വഴി പ്രസന്റേഷന്റെ സ്വന്തം വിശേഷങ്ങൾ എവർക്കും അറിയാനായി P C G H S Vellikulangara എന്ന പേരിൽ ഒരു യൂട്യൂബ് ചാനൽ തുടങ്ങുകയും ചെയ്തു 2021 ൽ നിയമിതമായ പ്രധാന അദ്ധ്യാപിക സി ലിസിമിന്റെ നേതൃത്വത്തിൽ പുതിയ അധ്യായന വർഷത്തിന്റെ പ്രവർത്തനങ്ങൾ പൂർവാധികം ഭംഗിയായി നടന്നു.

മാതൃഭൂമി ദിനപത്രത്തിന്റെ SEED PROJECT മായി യോജിച്ച് കുട്ടികൾ തയ്യാറാക്കിയ 'കലിഗ ' എന്ന കയ്യെഴുത്ത് മാസിക സ്റ്റേറ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വളർന്നു വരുന്ന ശാസ്ത്ര പ്രതിഭയെ കണ്ടെത്തുന്നതിനായി സംഘടിപ്പിച്ച വീട്ടിൽ നിന്ന് ഒരു പരീക്ഷണം 'എന്ന മത്സരത്തിൽ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ സായ് രാജേഷ് തൃശ്ശൂർ ജില്ലയിൽ 2 - ാ ം സ്ഥാനവും കരസ്ഥമാക്കി. ശാസ്ത്ര ഗ്രന്ഥാസ്വാദനത്തിൽ ഒമ്പതാം ക്ലാസ്സിലെ കുമാരി അലിയ വർഗ്ഗീസ് ഒന്നാം സ്ഥാനവും ഗണിതാശയ അവതരണത്തിന് പത്താം ക്ലാസ്സിലെ കുമാരി കൃഷ്ണ ഭദ്ര രണ്ടാം സ്ഥാനവും ശാസ്ത്ര ലേഖന മത്സരത്തിൽ ആറാം ക്ലാസ്സിലെ കുമാരി ഗൗരി നന്ദന മൂന്നാം സ്ഥാനവും കരസ്ഥമാക്കി.സബ് ജില്ലാതലത്തിൽ ENGLISH ഇഫൽസ് സോളിലോക്കി മത്സരത്തിൽ കുമാരി പാർവതി എം എം ഒന്നാം സ്ഥാനത്തെത്തി.വിവര സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം പരിഗണിച്ച് IT കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായുള്ള കോവിഡ് വാക്സിനേഷൻ റെജിസ്ട്രേഷൻ ഹെൽപ് ഡെസ്ക് നടത്തുകയുണ്ടായി.

കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപെട്ട 3 കുട്ടികൾക്ക് 25000 രൂപ വീതം കുട്ടികളുടെ അക്കൗണ്ടിലേക്ക് ചാലക്കുടി അൽവേർണിയ പ്രൊവിൻസ് നിക്ഷേപിക്കുകയുണ്ടായി.നിർധനരായ 25 കുട്ടികൾക്ക് 2000 രൂപ വീതം പഠന സഹായവും നൽകി മാനേജ്മെൻറ് എപ്പോഴും വിദ്യാലയത്തോടൊപ്പം നില്ലുന്നു എല്ലാവർക്കും ഏതൊരു കാലാവസ്ഥയിലും ഒരുമിച്ചിരിക്കാവുന്ന പരിപാടികൾ സംഘടിപ്പിക്കുവാൻ സാധിക്കുന്ന ഒരു ഹാൾ നമ്മുടെ ചിരകാല സ്വപ്നം ആയിരുന്നു അതും ഇവിടെ പൂവണിഞ്ഞു.സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികളുടെ ഓൺലൈൻ പഠനം സുഗമമാക്കുന്നതിന് 44 ഫോണുകൾ സൗജന്യമായി വിതരണം ചെയ്തു.



വനം വന്യജീവി വാരാഘോഷത്തിൽ ഭാഗമായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാനനയാത്ര സംഘടിപ്പിച്ചു.വിദ്യാർത്ഥികൾക്ക് പുതുമയുടെ അനുഭവമാണ് വനയാത്ര സമ്മാനിച്ചത്.60 വിദ്യാർത്ഥികളും 7 അധ്യാപകരും യാത്രയുടെ ഭാഗമായി.ചിമ്മിനി ഡാമിന്റെ പരിസര പ്രദേശമാണ് യാത്രക്ക് തിരഞ്ഞെടുത്തത്.വെള്ളിക്കുളങ്ങര കവല ഫോറസ്റ്റ് ഓഫീസ് ഉത്യോഗസ്ഥരും ചിമ്മിനി വന്യജീവി സങ്കേതത്തിലെ ഉദ്യോഗസ്ഥരും യാത്രക്ക് നേതൃത്വംനൽകി.



## പ്രസന്റേഷൻ ഹൈസ്കൂളിന് ശബരീഷ് സ്മാരക വിക്കി പുരസ്കാരം



അതിവിശാലമായി ഒരു കളിസ്ഥലാം വിദ്യാലയത്തിനുണ്ട്.വോളിബോൾ ,ഖൊ ഖൊ ,ബാസ്കറ്റ് ബോൾ എന്നിവയുടെ പ്രത്യേക കോർട്ടുകളും അവർക്കുള്ള പ്രത്യേക പരിശീലന സ്ഥലങ്ങളും ഇവിടെയുണ്ട്. ഉപജില്ലാ,ജില്ലാ വോളി ബോൾ അസോസിയേഷൻ പ്രകടനങ്ങളിൽ എന്നും ഒന്നാമത് നമ്മുടെ വിദ്യാർത്ഥികളാണ് .ഡിസംബർ 5,6 തിയ്യതികളിൽ നടത്തപ്പെട്ട പ്രസന്റേഷൻ ട്രോഫിക്കുവേണ്ടിയുള്ള

ടൂർണമെന്റിൽ നമ്മുടെ വിദ്യാലയത്തിന്റെ ടീമാണ് വിജയ കിരീ
അണിഞ്ഞത്



പ്രമുഖരായ പൂർവ്വ വിദ്യാർത്ഥിക ശ്രീ.കേശവൻ വെള്ളിക്കുളങ്ങ (സാഹിത്യകാരൻ) ,കോഴിക്കോ മേയർ , ശ്രീമതി.ബീന ഫില എന്നിവർ സ്കൂളിന്റെ ഉയർച്ചക്കും ഏ ഉണ്ടായിരുന്നു.2021 -22 ലെ സ്കൂ വിക്കി പുരസ്കാരം നേടാനാ വിദ്യാലയത്തി സാധിച്ചു.പി.സി.ജി.എച്ച്.എ വെള്ളിക്കുളങ്ങര ലിറ്റിൽ കൈ നേതൃത്വത്തിൽ ഡിജിറ്റ മെഗാസിൻ തയ്യാറാക്കി മുകുളം,യുഗം 2K20 ,കലി എന്നിങ്ങനെയാണ് മാഗസിന്റെ പേരുകൾ .കുട്ടികളെ വിദ്യാഭ്യാസ പരമാ മുന്നേറ്റം നടത്തുന്നതിനും അവരുടെ അഭിരുചികൾ വളർത്തുന്നതിനു തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒരു പ്രൊജക്റ്റാണ് My Radio F M .അത് നമ്മുടെ വിദ്യാലയത്തിൽ വളരെ വിജയകരമായി നടക്കുന്നു 2021 -22 ലെ സ്കൂൾ വിക്കി പുരസ്കാരം നേടാനായി വിദ്യാലയത്തിന് സാധിച്ചു



കോ ഓപ്പറേറ്റീസ് സൊസൈറ്റി വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥിനിയായ ആവണി രാജൻ ഉപന്യാസം ഉപജില്ലാ, ജില്ല തലങ്ങളിൽ 1,3 സ്ഥാനങ്ങളിൽ എത്തി പ്രസംഗ മത്സരത്തിൽ എവീന ഉപജില്ലാതലത്തിൽ മൂന്നാം സ്ഥാനവും നേടി.ശിശു ക്ഷേമ വകുപ്പ് ശിശു ദിനത്തിനോടനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സരത്തിൽ ദേവിക സനിൽകുമാർ മൂന്നാം സ്ഥാനം കരസ്ഥമാക്കി .മണ്ണിലല്ലാതെ ആവശ്യമായ പോഷകഘടകങ്ങളടങ്ങിയ ലായനിയിൽ സസ്യങ്ങളെ വളർത്തിയെടുക്കുന്ന രീതിയെ ഹൈഡ്രോപോണിക്സ് എന്ന നൂതന കൃഷി രീതി വിദ്യാലയത്തിൽ ആരംഭിച്ചു.




കലാസാഹിത്യ-സാംസ്കാരിക,രാഷ്ട്രീയ ,ഉദ്യോഗസ്ഥ രംഗങ്ങളിൽ നിരവധി പ്രതിഭകൾക്കു ജന്മം നൽകാൻ ഈ സ്ഥാപനത്തിനായിട്ടുണ്ട്.അര നൂറ്റാണ്ട് പിന്നിട്ട ഈ വിദ്യാലയം ഇന്ന് ജില്ലയിലെ മികച്ച പൊതുവിദ്യാലയങ്ങളുടെ പട്ടികയിൽ ഇടം നേടിയിരിക്കുന്നു.

# ലക്ഷ്യങ്ങൾ

ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പിക്കുക. നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറണം. നമ്മുടെ വിദ്യാലയം പൊതുസമൂഹത്തിന്റെ പിൻബലത്തോടെ പിന്തുണയോടെ അർത്ഥ പൂർണമായ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രമാക്കണം. PTA ,OSA തുടങ്ങിയ പല വിധ സംഘടനകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പിക്കുക. കാമ്പസ് ഒരു പുസ്തമാക്കുക വായനശാല ലബോറട്ടറി കൂടുതൽ ആധുനികവത്കരിക്കുക. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനൊപ്പം പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകം പരിഗണിക്കുക. അവരെ കൃഷിയിലേക്ക് നയിക്കുക കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുക. പ്ലാസ്റ്റിക് ലഹരി മുക്ത കാർഷിക രീതി കാമ്പസ് യാഥാർത്ഥ്യമാക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് / സബ്ജക്ട് കൗൺസിൽ യോഗങ്ങൾ അക്കാദമിക പ്രശ്ന പരിഹരണത്തിനുള്ള ആസൂത്രണ വേദിയാക്കുക. ഓരോ മാസവും ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കണ്ടെത്തുന്ന പഠന പ്രശ്നങ്ങളെ വിശകലനം ചെയ്ത് മുൻഗണനാക്രമത്തിൽ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി നടപ്പിലാക്കുക.

ക്ലാസ്സ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാക്കുക. കുട്ടികളുടെ പഠന തെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണങ്ങൾ, പതിപ്പുകൾ, ടീച്ചർ വേർഷനുകൾ, ചുമർ ചാർട്ടുകൾ തുടങ്ങി എല്ലാ വിഷയങ്ങളുടെയും തയ്യാറെടുപ്പുകൾ, പഠനവുമായി ബന്ധപ്പെട്ട സാമഗ്രികൾ, പഠന നേട്ടങ്ങളുടെ ലിസ്റ്റ് തുടങ്ങിയവ ആകർഷകമായി പ്രദർശിപ്പിക്കണം.

## വായനാ കോർണർ, വായനാ പ്രവർത്തനം എന്നിവ സജീവമാക്കുക.

എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കും വിധം വൈവിധ്യമുള്ള പുസ്തക വായനാനുഭവം ഒരുക്കുക. പുസ്തകച്ചാർട്ട്, പുസ്തക പരിചയം, ആവിഷ്കരണങ്ങൾ തുടങ്ങിയവയിലൂടെ വായനയുടെ സംസ്കാരത്തെ പരിപോഷിപ്പിക്കുക .

## സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക

വിദ്യാർത്ഥിയുടെ സർഗാത്മക വികാസം ലക്ഷ്യമിട്ട് സ്കൂൾ തലത്തിൽ രചന ക്ലാസ്സുകൾ, സാഹിത്യ ചർച്ച, സാഹിത്യ പ്രവർത്തകരുമായി സംവദിക്കൽ, സർഗാത്മക രചനകളുടെ പ്രകാശനം, കുട്ടിയെഴുത്തുകാരെ പൊതു വേദികളിൽ അംഗീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## അധ്യാപകരുടെ പഠനക്കൂട്ടങ്ങൾ രൂപപ്പെടുത്താൻ മുൻകൈയെടുക്കുക

സമാന ക്ലാസ്സുകാരുടെ / വിഷയങ്ങളുടെ പഠനക്കൂട്ടങ്ങൾ പഞ്ചായത്ത്, മണ്ഡലം തലങ്ങളിൽ രൂപപ്പെടുത്തുക പൊതുവായ അക്കാദമിക പ്രശ്നങ്ങളുടെ പരിഹാരം അന്വേഷിക്കുന്നതിനും അധ്യാപനവുമായി ബന്ധപ്പെട്ട് വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും അനുഭവങ്ങൾ പങ്കിടുന്നതിനും വേദി ഒരുക്കുക. ഓൺലൈൻ പഠന സൗഹൃദ സംഘങ്ങൾ മുഖാമുഖം കൂടിയിരുന്നുള്ള പങ്കിടലുകൾ, സെമിനാറുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, നവ മാധ്യമ കൂട്ടായ്മകൾ തുടനിയ സാധ്യതകൾ ആലോചിക്കണം.

## ഐ ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക [വിദ്യാലയാധിഷ്ഠിത പരിശീലനമടക്കം ആലോചിക്കണം]. എല്ലാ കുട്ടികളെയും ഐ ടി നൈപുണ്യമുള്ളവരാക്കി മാറ്റി അവരുടെ സ്വയം പഠന ശേഷി വികസിപ്പിക്കാൻ, എല്ലാ വിഷയങ്ങളുമായും ബന്ധപ്പെട്ട് ഐ ടി വിഭവ ശേഖരം ഉണ്ടാക്കൽ, ഐ ടി അധിഷ്ഠിത വിഷയ പഠന രീതി സംബന്ധിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും ധാരണ ലഭിക്കും വിധം പ്രദർശന ക്ലാസ്സുകൾ സംഘടിപ്പിക്കൽ.

ഇത്തരം കുട്ടികൾക്ക് അധിക സമയം കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ അവസരം നൽകുന്നു. കുട്ടികളുടെ ആത്മവിശ്വാസം നേതൃത്വ പാടവവും വളരുന്നതിനു വേണ്ടി ഗ്രൂപ്പ് തല പ്രവർത്തനങ്ങൾക്ക് പ്രധാന ചുമതലകൾ നൽകാറുണ്ട്.

പാഠ്യേതര പ്രവർത്തനങ്ങളിൽ ഇത്തരം കുട്ടികളുടെ കഴിവ് പ്രയോജനപ്പെടുത്തുന്നുണ്ട്. കൃഷിയോട് ആഭിമുഖ്യമുള്ള കുട്ടികൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവസരം നൽകുന്നു. കുട്ടികളുടെ കഴിവിനും അഭിരുചിക്കനുസരിച്ച് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്ന കലാ കായിക മത്സരങ്ങളിൽ മറ്റുള്ള കുട്ടികളോടൊപ്പം തന്നെ ഇവർക്കും മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നു. ഖോ ഖോ, വോളി ബോൾ, ബാസ്കറ്റ് ബോൾ, എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നു. രക്ഷാകർത്താക്കൾക്ക് അധ്യാപകരെ കാണുന്നതിനും സംസാരിക്കുന്നതിനും അവസരം നൽകുന്നു.

ദിനാചരണങ്ങൾ, കലാ - കായിക പ്രവർത്തി പരിചയ പഠനങ്ങളിലും ഇവരുടെ പൂർണ്ണ പങ്കാളിത്തം തുടർന്നും ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് റിസോഴ്സ് പേഴ്സന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാകുന്നതും നന്നായിരിക്കും.

അധ്യാപകരുടെ ശാക്തീകരണത്തിനായി മാനേജ്മെന്റ് പ്രധാന അധ്യാപികയും അക്ഷീണം യത്നിക്കുന്നു. എല്ലാ തിങ്കളാഴ്ച്ചയും teaching manual പ്രധാന അധ്യാപിക വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

പ്രധാന അധ്യാപിക അധ്യാപകരുടെ ക്ലാസുകൾ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു.

PTA , MPTA സജീവ പ്രവർത്തനം ഈ വിദ്യാലയത്തിന് എന്നും അനുഗ്രഹമാണ്. വിദ്യാലയത്തിലെ പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ഓണാഘോഷം ക്രിസ്തുമസ്, വിജയോത്സവം..... എന്നിങ്ങനെയുള്ള

ഏതൊരു പരിപാടിയിലും പി .ടി .എ ഭാഗഭാഗിത്യം ഉറപ്പാക്കുന്നു. വിദ്യാലയത്തിലെ വാർഷികാഘോഷം, വോളിബോൾ ടൂർണമെൻറ് ഇതര പ്രവർത്തനങ്ങൾ, എല്ലാറ്റിലും പി.ടി.എ സജീവമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സുകളും നടത്താറുണ്ട്. വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് സൗകര്യവും വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് മാതാപിതാക്കളുമായി നല്ല സുഹൃത് ബന്ധം വളർത്താൻ പ്രയത് നിക്കുന്നു.

സമൂഹത്തിന്റെ വിശ്വാസ്യത ആർജിക്കുക

- പ്രതിമാസ ക്ലാസ് പി. ടി. എ ചിട്ടപ്പെടുത്തുക.
- പഠന മികവുകളെയും അക്കാദമിക നിലവാര വർദ്ധനവിൻറെയും പ്രശ്ന പരിഹാരാനുഭവങ്ങളുടെയും പങ്കിടൽ വേദികളാക്കി ഓരോ ക്ലാസ് പി.ടി.എ യോഗത്തേയും മാറ്റണം.

പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം തെളിവുകളും ഉദാഹരണങ്ങളും സഹിതം പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് കാസ്സുകൾ ഉയർന്ന തലങ്ങളിലേക്ക് പോകുന്നുണ്ടെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം. ഓരോ കുട്ടിയുടേയും പഠനപുരോഗതിക്കുള്ള ഇടപെടലുകൾ നടത്തുന്ന

വിദ്യാലയവും അധ്യാപകരും എന്ന ഖ്യാതി ലഭിക്കും വിധം ഇത് ഏറ്റെടുക്കണം.

വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ കോർണർ പി.ടി.എ, അതിഥി ക്ലാസുകൾ, പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ, പ്രദേശിക പഠനയാത്രകൾ, സ്ഥാപന സന്ദർശനങ്ങൾ, അച്ചടിച്ച സ്കൂൾ പത്രങ്ങൾ സമൂഹ ചർച്ചയ്ക്ക് വിധേയമാക്കൽ, നവ മാധ്യമങ്ങളിലൂടെ വിദ്യാലയത്തിന്റെ തനതായ പ്രവർത്തനങ്ങൾ പങ്കിടൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, മറ്റു പ്രതിനിധികൾ എന്നിവരെ വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന ആക്കാദമിക മൂല്യവും സാമൂഹ്യ മൂല്യമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ തുടങ്ങിയവ ആലോചിക്കണം.

- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ
- ഓരോ ക്ലാസിനും സ്കൂളിനും പൊതുവായ ലക്ഷ്യങ്ങളും അജൻഡകളും ഉണ്ടാക്കണം. ഹരിതജീവനം എന്ന ആശയം കുട്ടികൾ സ്വാംശീകരിച്ച് പ്രവർത്തിക്കണം. പരിസ്ഥിതി പഠനാലയം എന്ന തരത്തിലേക്ക് വിദ്യാലയത്തെ മാറ്റിയെടുക്കാൻ കഴിയണം.

വിവേചന രഹിത വിദ്യാലയം, അവകാശാധിഷ്ഠിത വിദ്യാലയം

- കുട്ടികളുടെ അവകാശ പത്രിക സ്കൂളിൽ പ്രദർശിപ്പിക്കണം.
- ആൺ പെൺ വിവേചനങ്ങൾ ഇല്ലാത്തതും തുല്യാവസരം പ്രദാനം ചെയ്യുന്നതും സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് രൂപീകരിക്കുന്ന അനുഭവങ്ങൾ ലഭിക്കുന്നതുമായ ക്ലാസ്സുകളും വിദ്യാലയങ്ങളും ഒരുക്കണം.
- ജാതി മത ചിന്തകൾക്കതീതമായ മാനവികത ബോധം വളർത്തിയെടുക്കാൻ ശ്രമിക്കണം

നിരന്തര വിലയിരുത്തലിൽ മാതൃക സൃഷ്ടിക്കുക

# നിലവിലെ അവസ്ഥാവിശകലനം

## അവസ്ഥാ വിശകലനം

1. കുട്ടികളുടെ എണ്ണം
2. വിദ്യാലയത്തിലെ അക്കാദമിക അവസ്ഥ

   ഈ സ്കൂളിൽ 5 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ്സുകളിലേയും കുട്ടികൾ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്നു. USS, Talent Search Exam,വിവധ സംഘടനകളുടെ ആഭിമുഖ്യത്തിൽ QUIZ Programmes, NM MS തുടങ്ങിയവയിൽ പങ്കെടുപ്പിക്കുകയും വിജയം നേടുകയും ചെയ്തു x ലെ കുട്ടികൾക്ക് 100% വിജയവും 10% ത്തിലധികം കുട്ടികൾ FULL A+ ഉംനേടി. എല്ലാ ക്ലാസ്സുകളിലും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ നടത്തിവരുന്നു. ക്ലാസ്സ് സമയത്തിനുമുമ്പും ശേഷവും അത്തരം കുട്ടികൾക്ക് പ്രത്യേക Coaching Class നൽകുന്നു. അവരുടെ മാതാപിതാക്കളെ പ്രത്യേകമായി വീടുകളിൽ ചെന്നുകാണുകയും വീട്ടിലെ അവസ്ഥകൾക്കനുസരിച്ച് ആവശ്യമായ സഹായ സഹകരണം നൽകുന്നു. ഉദാഹരണമായി Counciling പഠനോപകരണങ്ങൾ സാമ്പത്തിക സഹായം, School Bus ൽ സൗജന്യയാത്ര സൗകര്യം തുടങ്ങിയവ.

## ലാബ് പ്രവർത്തനങ്ങൾ

Science, Maths, Social ലാബിൽ വച്ച് ക്ലാസ്സുകൾ എടുത്ത് കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ കുടുതൽ ആയാസമായ രീതിയിൽ വിശദീകരിച്ചു കൊടുക്കുന്നു.

## ലൈബ്രറി പ്രവർ ത്തനങ്ങൾ, സി.ഡി ലൈബ്രറി

എല്ലാ കുട്ടികൾക്കും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. നോട്ട് കുറിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ലൈബ്രറിയിൽ വന്നിരുന്ന് വായിക്കാൻ സാഹചര്യം കൊടുക്കുന്നു. സി.ഡി ലൈബ്രറിയുടെ ഉപയോഗവും നടത്തുന്നു. പുതിയ ലൈബ്രറി റും ആധുനിക സംവി ധാത്തോടെ തയ്യാറാക്കും.

## ദിനാചരണം

ദിനാചരണങ്ങൾ Morning Assembly യോടുക്കുടി സമുചിത മായി ആഘോഷിക്കുന്നു.

## നിരന്തര വിലയിരുത്തൽ

കുട്ടികളിലെ വിവിധ ശേഷികളെ വിലയിരുത്താൻ Teaching manual തയ്യാറാക്കുമ്പോൾ തന്നെ ആസൂത്രണം ചെയ്യുന്നു പുസ്തകത്തിൽ രേഖപ്പെ ടുത്തുകയും ചെയ്യുന്നു.

## കലാകായിക പ്രവൃത്തി പരിചയം

കലാകായിക പ്രവർത്തി പരിചയ മേളയിൽ കുട്ടികൾ സജീവമായി പങ്കെടുക്കുകയും സമ്മാനർഹരാവുകയും ചെയ്യുന്നു. സംസ്ഥാനതല മത്സരങ്ങളിൽ വളരെ മികവ് പ്രകടിപ്പിക്കാൻ കുട്ടികൾക്ക് സാധിക്കുന്നു. മൂന്നിനങ്ങളിലും experts നെ കൊ ുവരെ കുട്ടി കൾക്ക് പരിശീലനം നല്കിവരുന്നു.

## പഠനപോഷണ പരിപാടി

ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലേയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് രാവിലെയും വൈകീട്ടും ഓരോ വിഷയങ്ങൾക്കും പരിശീലനം നല്ക്കുന്നു.

## സ്കോളർഷിപ്പ് പരീക്ഷകൾ

N.M.M.S, U.S.S, D.C.L. തുടങ്ങി സ്കോളർഷിപ്പ് പരീക്ഷകൾ ഇവിടെ നടത്തി വരുന്നു.

## ഐ.ടി അധിഷ്ഠിത പഠനം

എല്ലാ കുട്ടികൾക്കും തന്നെ ഐ.ടി പരിശീലനം നല്കുന്ന H.S കാർക്ക് Smart class room സംവിധാനം ഒരുക്കിയിരിക്കുന്നു.

**അസംബ്ലി**

English, Malayalam,Hindi തുടങ്ങി മൂന്നു ഭാഷകളിൽ നേതൃത്വം നല്കിവരുന്നു. പ്രാർത്ഥ,ന്യൂസ്, ചിന്താവിഷയം, ലഘു പ്രസംഗം തുടങ്ങിയവ നടത്തിവരുന്നു.

**ഗൈഡിംഗ്.**

കുട്ടികൾ പഠനത്തോടൊപ്പം തന്നെ സ്വഭാവ രൂപീകരണത്തിലും മികവുറ്റവരാകുന്നതിന് ഗൈഡിംഗിൽ സജീവ പങ്കാളിയാകുന്നു.

പഠനയാത്ര, ഫീൽഡ് ട്രിപ്പ്

ഭാഷാ പഠനം (ലളിതകലാ അക്കാദമി), പ്രകൃതി പഠനം, ചരിത്ര പഠനം, ശാസ്ത്ര പഠനം എന്നിവയ്ക്ക് ഉപതരിക്കുന്ന പഠനയാത്രകൾ നടത്തിവരുന്നു.

**വിദഗ്ധ ക്ലാസ്സുകൾ**

കുട്ടികളുടെ ബൗദ്ധികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ക്ലാസ്സുകൾ നല്കുന്നു.

മാതാപിതാക്കൾക്ക് term ൽ ഒരു ക്ലാസ്സ് വീതം ലഭിക്കുന്ന രീതിയിൽ സംഘടിപ്പിക്കുന്നു. അധ്യാപകർക്കും ശാക്തീകരണ ക്ലാസ്സുകൾ നല്കിവരുന്നു.

## സെമിനാർ, ശില്പശാല

ഓരോ ദിനാചരണത്തിന്റേയും പ്രാധാന്യം വ്യക്തമാകുന്ന രീതിയിൽ സെമിനാറുകൾ ശില്പശാലകളും സംഘടിപ്പിക്കുന്നു.

## വിദ്യാലയ ജനാധിപത്യവേദികൾ

സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി യു.പി. ഹൈസ്ക്കൂൾ തലത്തിൽ നിന്ന് ലീഡർമാരെ തെരഞ്ഞെടുക്കുന്നു. ക്ലാസ്സുകളിൽ ലീഡർമാരെ തെരഞ്ഞെടുക്കുന്നു.അവരുടെ സജീവ ഭാഗഭാഗിത്വത്തോടെ സ്കൂൾ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

## ക്ലാസ്സ് പത്രങ്ങൾ

English, Malayalam, Hindi, S.science വിഷയങ്ങളുമായി ബന്ധപ്പെട്ട പത്രങ്ങൾ തയ്യാറാക്കി പ്രദർശനം നടത്തി. Best Newspaper ന് പ്രോത്സാഹനം നൽകി അഭിനന്ദിച്ചു.

## അധ്യാപക ശാക്തീകരണ പരിപാടികൾ

മെയ് 9 സെപ്തംബർ 2 തുടങ്ങിയ ദിനങ്ങൾ എല്ലാ വർഷവും വിവിധ പരിപാടികളോടെ അധ്യാപക ശാക്തീകരണം നടത്തി വരുന്നു. കൂടാതെ B.R.C യിൽ നിന്നും ഒരുക്കുന്ന അധ്യാപക ശാക്തീകരണ പരിപാടിയിൽ എല്ലാ അധ്യാപകരും പങ്കെടുക്കുന്നു.

## സ്കൂൾതല മേളകൾ

കലാ, കായിക, പ്രവൃത്തി പരിചയ മേളകൾ സ്കൂൾ തലത്തിൽ നടത്തിവരുന്നു.

## പരിമിതികൾ, നേട്ടങ്ങൾ

സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് പൂർവ വിദ്യാർത്ഥി പൂർവധ്യാപക കൂട്ടായ്മകൾ ഞങ്ങൾ പ്രയോജനപ്പെടുന്നു. പ്രാദേശിക സപ്പോർട്ടിംഗ് ഗ്രൂപ്പുകൾ, പി.ടി.എ എന്നിവയുടെ സഹകരണത്തോടെ പഴയകെട്ടിടങ്ങൾ ആകർഷകമാക്കാനും കുട്ടികൾക്കുള്ള ടോയ്‌ലറ്റ്, ലാബ്, ലൈബ്രറി മുതലായവയ്ക്ക് ആവശ്യമായ കസേരകൾ തുടങ്ങിയവ ലഭ്യമാക്കാൻ സാധിച്ചു. ഇപ്പോൾ ഞങ്ങളുടെ സ്കൂളിന് നല്ല ഒരു ഗെയ്റ്റും ചുറ്റുമതിലും കളിസ്ഥലവും ഉ ്. കുട്ടികൾക്കായി ഒരു ചിൽഡ്രൻസ് പാർക്ക്, കളിക്കുന്നതിനുള്ള kho-kho court തുടങ്ങിയവ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു കൊ ിരിക്കുന്നു. ക്ലാസ്സ് മുറികൾ, ഓഫീസ് മുറി, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം, മഴവെള്ള സംഭരണി തുടങ്ങിയ സൗകര്യങ്ങൾ ഇപ്പോൾ സ്ക്കൂളിനു ്. Hi-Tech പദ്ധതിയിൽ ഉൾപ്പെട്ട ഞങ്ങളുടെ സ്ക്കൂളിലെ എല്ലാ ഹൈ സ്കൂൾ ക്ലാസ് മുറികളും സ്മാർട്ട് റൂം ആക്കിയിട്ടു ്. കുട്ടി കൾക്ക് ഭക്ഷണം കഴിക്കുന്നതിനായി ഒരു ഡൈനിംഗ് ഹാൾ, അസംബ്ലി ഹാൾ, ഇവ ഇനിയും ആവശ്യമാണ്.

## SRG യോഗം, ക്ലബ് പ്രവർ ത്തനം

**സബ്ജക്ട് കൗൺസിൽ**:-എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1.30 pm മുതൽ 2 pm വരെ subject council എല്ലാ അധ്യാപകരുടേയും സജീവ പങ്കാളിത്തത്തോടെ നടത്തുന്നു. ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത ആഴ്ചയിലേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.

**എസ്.ആർ.ജി.**:- എല്ലാ വെള്ളിയാഴ്ച്ചയും 4.00 —-4.30 വരെ യോഗം കൂടുന്നു.

**ക്ലബ്ബ് പ്രവർത്തനം**:- സ്കൂൾ തല ത്തിൽ അധ്യായന വർഷത്തി ന്റെ ആരംഭ ദിനങ്ങളിൽ തന്നെ വിവിധ ക്ലബ്ബുകൾ ക്ക് രൂപം നൽകി പ്രവർ ത്തനം ആരംഭിക്കുന്നു. കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ ക്ലബ്ബുകളിൽ കുട്ടികൾ സജീവമായി പ്രവർത്തിക്കുന്നു. ഓരോ ദിനത്തിന്റേയും പ്രാധാന്യമനുസരിച്ച് Resource Personനെ കൊ ു വന്ന് ക്ലാസ്സുകൾ നടത്തുന്നു.

## .പഠനോപകരണ നിർമ്മാണം ശേഖരണം

ഓരോ ക്ലാസ്സുകളുടേയും പഠനത്തോടനുബന്ധിച്ച് പഠനോപക രണങ്ങൾ നിർമ്മിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിച്ച് ഗ്രേഡ് നൽക്കുകയും ചെയ്യുന്നു.

## അക്കാദമികം

എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1.15 മുതൽ 2 മണി വരെ Subject Council കൂടുന്നു. SRG Meetingൽ സജീവമായി സമഗ്രവികസനത്തിനുള്ള അറിവുകൾ അധ്യാപകർ പരസ്പരം പങ്കുവെക്കുന്നു. ഒപ്പം പരീക്ഷണങ്ങളും അനുബന്ധ വിവരങ്ങളും പരമാവധി കുട്ടികൾക്ക് മനസ്സിലാക്കുന്ന രീതിയിൽ കാണിച്ചു കൊടുക്കുന്നു. ഹൈസ്കൂൾ ക്ലാസ്സിൽ Projector ഉപയോഗിച്ച് ക്ലാസ്സെടുക്കുന്നു. Smart class സൗകര്യം നൽകുന്നു.

## സാമൂഹിക പങ്കാളിത്തം

School PTA, MPTA,SMC, എന്നിവയുടെ സജീവ പ്രവർത്തനം ഇവിടെ ഉ ്. സ്കൂൾ പ്രവേശനോത്സവം, വിവിധ ദിനാചരണങ്ങൾ, ഓണം, ക്രിസ്മസ് ആഘോഷങ്ങൾ തുടങ്ങി അക്കാദമികവും ഭൗതികവും സാമൂഹികവുമായ എല്ലാ കാര്യങ്ങളിലും നിർണ്ണായക പങ്കാളിത്തം വഹിക്കുന്നു.

ഈ മൂന്നു അവസ്ഥകളിൽ ഈ വർഷം മുൻതൂക്കം നൽകുന്നത് ഭൗതിക നിലവാരം വികസിപ്പിക്കുന്നതിനാണ്.

ഭൗതികം

ഇനി ആവശ്യമുള്ളത്

ചിൽഡ്രൻസ് പാർക്ക്
അസംബ്ലി ഹാൾ
ഡൈനിംഗ് ഹാൾ
ആധുനിക ലബോറട്ടറി

ഇപ്പോൾ ഉള്ളത്

ചുറ്റുമതിൽ
ഗേറ്റ്
കളിസ്ഥലം
ക്ലാസ്സ് മുറികൾ
ഓഫീസ് മുറി
സ്റ്റാഫ് മുറി
കമ്പ്യൂട്ടർ റൂം
ലൈബ്രറി (ചെറുത്)
അടുക്കള
കുടി വെള്ള വിതരണം
മാലിന്യ സംസ്കരണം
ടോയ്‌ലറ്റ്
ലബോറട്ടറി (ചെറുത്)

HS ENGLISH

*Activity:1*
*Name: New words and identification of its class*
Objective: Language Learning

| Aim | Activity | Duration | In charge | |
|---|---|---|---|---|
| Enable students to improve vocabulary | Each student should introduce a word,its class and sentence based on it. | 6 MONTHS | ENGLISH TEACHERS | |

Activity : 2
Name: Diary
Objective: Language Learning

| Aim | Activity | Duration | In charge | |
|---|---|---|---|---|
| Enable students to enhance writing | Making the students writing daily diary and asks for random presentation | 5 DAYS in a week | ENGLISH TEACHERS | |

Activity 3
Name: Letter to pen friends
Objective: Language Learning

| Aim | Activity | Duration | In charge | |
|---|---|---|---|---|
| Enhance the students writing skills | Teacher asks the students to prepare letter based on the onam celebrations held in our school | 1 week | ENGLISH TEACHERS | |

Activity : 4
Name: Collection of poems written by the students themselves
Objective:Creative writing

| Aim | Activity | Duration | In charge | |
|---|---|---|---|---|
| Enhance creative writing | Teacher makes the students write poems based on christmas theme | 1 Month | ENGLISH TEACHERS | |

അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ എഴുതിയ കാർഡുകൾ (HS വിഭാഗത്തിലെ പ പിന്നോക്കാവ-സ്ഥയാലുള്ള കുട്ടികളിൽ PRE Test നടത്തി മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം ) | June to August | അക്ഷര ചാർട്ട് പാഠപുസ്തകം | Teachers |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കു-ന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക ) | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണ-ങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>ICT സഹായത്തിലൂ-ടെ വസ്തുക്കളും പരിശീലിക്കാനു-ള്ള അവസരം<br>CWSN കുട്ടികളുടെ പങ്കാളിത്തം | September to October | ഹിന്ദി നിഘണ്ടു | Teacher |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാ-നാനും സർഗാത്മകര-ചനകൾ വികസിപ്പിക്കാനും | ഹിന്ദി അസംബ്ലി (ദിനാചരണങ്ങ-ൾ പ്രത്യേകിച്ച് സെപ്തംബർ 14 ജനുവരി 10 ) ക്ലാസ് ലൈബ്രറി അധിക , | November to February | പുസ്തകങ്ങൾ | Teacher |

മേഖല :സയൻസ്/അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ശാസ്ത്ര മനോഭാവം രൂപപ്പെടുത്തൽ ശാസ്ത്ര പഠനം സുഗമമാക്കൽ | നിത്യജീവിതത്തിൽ ശാസ്ത്ര പഠനം പ്രാവർത്തികമാക്കൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ ശാസ്ത്ര ലാബ് | ആവശ്യാനുസരണം | സയൻസ് ക്ലബ്ബ് ICT | PTA, MPTA, ടീച്ചർ |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടൽ ശാസ്ത്ര കോർണർ സജ്ജമാക്കൽ, ശാസ്ത്ര വീഡിയോ, നേച്ചർ വാക്ക് | ഒരു വർഷം | സയൻസ് ക്ലബ് | PTA, MPTA |
| ശാസ്ത്ര അറിവ് അപ്ഡേറ്റ് ചെയ്യൽ | പ്രധാന ശാസ്ത്ര വാർത്തകൾ പ്രദർശനം ബുള്ളറ്റിൻ ബോൾട്ട് ശാസ്ത്ര എക്സിബിഷൻ ശാസ്ത്ര ക്വിസ് | അവശ്യനുസരണം | സ്കൂൾ ഗ്രാൻഡ് | PTA, |
| ശാസ്ത്ര അറിവ് കാർഷിക പുരോഗതിക്ക് | പച്ചക്കറിത്തോട്ട നിർമ്മാണം ഹൈഡ്രോപോണിക്സ് കൃഷി രീതി പരിചയപ്പെടൽ | പ്രതിദിനം | സയൻസ് ക്ലബ് | PTA |

# സയൻസ് പ്രവർത്തനങ്ങൾ

പേര്   ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല   അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസവസ്തുക്കളും, Physics, chemistry, biology എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം. | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്ര മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം മനസ്സിലാക്കൽ, പാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | പ്രതിമാസ പരിപാടി | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുന്നു. | സ്കൂൾ തല ശാസ്ത്ര മേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, സബ് ജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം. | ശാസ്ത്ര ക്ലബ്ബ് |
| ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും. | |

പേര്: പഠനയാത്രകൾ
മേഖല / ഉപമേഖല: അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രം പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 2 തവണ |

പേര് : സാമൂഹ്യ ശാസ്ത്ര അവബോധം
മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | ദൈനം ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിച്ച് കുറിപ്പാക്കുന്നു. വാരാന്ത്യത്തിൽ അവലോകനം നടത്തുന്നു | എല്ലാ ദിവസവും |

പേര് : തെരഞ്ഞെടുപ്പ്
മേഖല / ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | പാർലമെന്റ് ഇലക്ഷൻ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് രീതി അനുസരിച്ച് school leader election നടത്തുന്നു | ഒരു പ്രവർത്തി ദിനം |

പ്രവർത്തനം 1

പേര് :ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല /ഉപമേഖല : അക്കാദമികം /ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കി ഗണിതക്ലാസ്സ് നടത്തൽ | 6 മാസം | ഗണിത ക്ലബ് | MPTA |

പ്രവർത്തനം 2

പേര് : ഗണിത കൂടാരം

മേഖല/ഉപമേഖല : അക്കാദമികം /ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിതശാസ്ത്രത്തിലുള്ള കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനുള്ള അവസരം ഒരുക്കുക ഗണിതം രസകരം ആക്കുക ഗണിത ശാസ്ത്രത്തിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുക | ഗണിതപട്ടുകൾ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ കുസൃതി കണക്കുകൾ ഗണിത നാടകം | 3 മാസം | ക്ലാസ്സ് | ക്ലാസ്സ് ലീഡേഴ്സ് ടീച്ചേർസ് |

പ്രവർത്തനം 3

പേര് :ഗണിത മാഗസിൻ

മേഖല /ഉപമേഖല : അക്കാദമികം /ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പഠനത്തോടൊപ്പം കുട്ടികളിൽ അനുബന്ധ പ്രവർത്തനങ്ങളിൽ മികവ് വളർത്താൻ | സംഖ്യ പാറ്റേൺ ഗണിത കഥകൾ കുസൃതി കണക്കുകൾ | 2 മാസം | ക്ലാസ്സ് തിരിച്ച് | ഗണിത ക്ലബ് അംഗങ്ങൾ |

## ENGLISH U.P

| AIM | ACTIVITIES | DURATION | CHARGE |
|---|---|---|---|
| To speak, read and write English without any mistakes. | Games, Action Songs, Hello English activities, 2 people Conversations, Skit Stories | 1 month | English Teachers |
| **Pretest**: To develop listening skills and reading skills first | Use ICT speaking skills, Description, Growing sentences, picture reading, pictures description, self-introduction, Assembly activities-speech, book review, quiz, riddles, School radio etc. | 6 weeks | English Teachers |
| **Reading Skills** | Newspaper reading, library books, book review, reading breaking news, find words, collect and read past tense, rhyming words, describing words etc Textbook activities | 4 months | English Teacher |
| **Writing Skills** | Make word web, pictures description, word chain, sentence chain, make words and sentences, make riddle, conversation, Add more lines, develop story description, notice proclamation, diary, letter, Announcement, magazines | 4 months | English Teachers |
| **Social Skills** | Debate, Formation of peer group, Creating social awareness skills, Team management and project work, social service programs | Full Year | English Teachers |

Physical education

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| വോളിബോളിൽ മികച്ച താരങ്ങളെ വളർത്തുന്നു | Upper Hand pass<br>Under hand pass<br>Attacking skills<br>Service skills | 6 months | Teacher and old students |
| നെറ്റ് ബോളിൽ മികച്ച താരങ്ങളെ വളർത്തിയെടുക്കു ന്നു | Shoulder pass<br>ci,est pass<br>Bounce pass<br>passing and catching skills | 6 months | Teacher and old students |
| Throwing events താരങ്ങളെ വളർത്തിയെടുക്കുന്നു | Shot put..- basic glide& spin method<br>Discus throw - swing, stands, release | 3 months | Teacher |

work experience

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| അലങ്കാരവസ്തുക്കളുടെ നിർമ്മാണം | Waste material കളക്ട് ചെയ്യുന്നു | 3 month | Teacher |
| സ്വയംതൊഴിൽ കണ്ടെത്തൽ | Binding material collection | 4 month | Teacher |
| | Banquet making materials collection | 3 month | Teacher |
| | Toys makingMaterial collection | 4 month | Teacher |
| | | | |

# മികവുകൾ

പി സി ജി എച്ച് എസ് വിദ്യാലയം വിവിധ രംഗങ്ങളിൽ മികവ് നില നിർത്തി പോരുന്നു. 2023 മാർച്ചി ൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ 119 കുട്ടികളിൽ 44 ഫുൾ A+ സും നേടി തുടർച്ചയായ 100 ശതമാനം വിജയം നില നിർത്തി കലാ കായിക ശാസ്ത്ര മേള കളിൽ ഉപജില്ല തലത്തിൽ പങ്കെടുത്ത് അഭിമാനാർഹമായ വിജയം കൈവരിക്കുകയും ചെയ്തു. വിദ്യാരംഗം കലാ സാഹിത്യ വേദി ചാലക്കുടി ഉപജില്ലയിൽ ക്വിസ് മത്സരത്തിനും പ്രബന്ധ മത്സ രത്തിനും ഒന്നാം സ്ഥാനത്തെത്തി. സബ്ബ് ജില്ലാ വോളിബോൾ മത്സര ത്തിൽ ജൂനിയർ സബ് ജൂനിയർ വിഭാഗം ഒന്നും, ര- ും സ്ഥാനങ്ങളും തൃശൂർ ജില്ലാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ സബ് ജൂനിയർ, മിനി ജൂനിയർ വിഭാഗങ്ങൾക്ക് ഒന്നും ര- ും സ്ഥാനം ലഭിച്ചു. 11 കുട്ടികൾ വോളിബോൾ സ്റ്റേറ്റ് മത്സരത്തിലും പങ്കെടുത്തു മിറിയം ആന്റണി സബ് ജൂനിയർ നാഷ്ണൽ വോളിബോൾ ചാമ്പ്യൻഷിപ്പിലും പങ്കെടുത്തു.


പി.സി.ജി. എച്ച്. എസി ന്റെ യശസ്സുയർത്തുന്നതിൽ അധ്യാപകരും ഒട്ടും പുറകില്ലല്ല. എന്ന് തെളിയിച്ചു കൊ- ് IT Teaching Aid.

മത്സരത്തിൽ യു.പി വിഭാഗത്തിൽ നിന്നും ശ്രീമതി. റെക്സി ടീച്ചർ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും ശ്രീമതി ജയമോൾ ടീച്ചർ സംസ്ഥാന തലത്തിൽ ര- ാം സ്ഥാനവും കരസ്ഥമാക്കി.

ith WPS Office

# കുട്ടി റേഡിയോ

കുട്ടികളിലെ സർഗാത്മകത വളർത്തുന്നതിന് *2019* ൽ പി സി ജി എച്ച് എസ് വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനോട് ചേർന്ന് ആരംഭിച്ച ഒരു പ്രോഗ്രാം ആണ് കുട്ടി റേഡിയോ .തൃശ്ശൂർ ജില്ലയിലെ ***My Radio 90 FM*** ൽ പിസിജി എച്ച് എസ് വിദ്യാലയം ഉൾപ്പെടുന്നു.കഴിഞ്ഞ കലോത്സവ വേദികളിൽ കുട്ടി *RJ* കളുടെ സാന്നിധ്യം പ്രശംസനീയം ആയിട്ടുണ്ട്



# ലക്ഷ്യ പ്രസ്താവന

പാരമ്പര്യ കൃഷി രീതിയിൽ നിന്ന് വിഭിന്നമായി ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ കാർഷിക സമ്പ്രദായം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. കാർഷിക വൃദ്ധിയിൽ അധിഷ്ഠിതമായ ഒരു പാരമ്പര്യത്തിൽ ഉള്ള കേരളസംസ്ഥാനത്ത് ജീവിക്കുന്ന ഇന്നത്തെ കുട്ടികളെ സംബന്ധിച്ചട ത്തോളം കൃഷി അവർക്ക് സുപരിചിതമായ ഒരു മാധ്യമം അല്ല. കേൾക്കപ്പുറത്ത് അത് അനുഭവത്തിലേക്ക് കൊ- ുവരാനാണ് ഹൈഡ്രോപോളിക് സമ്പ്രദായത്തിലൂടെ നാം ലക്ഷ്യം വെക്കുന്നത്. കൃഷി ചെയ്യുന്ന മനുഷ്യനെ ആധുനിക സമൂഹത്തിന് സുപരിചിതമല്ല. ഫ്ളാറ്റ് സംസ്കാരത്തിലേക്ക് ഒതുങ്ങൽ കൂടുന്ന ഇന്ന് മണ്ണിന്റെ ലഭ്യതയും വളരെയധികം കുറവാണ്. ആയതിനാൽ വെള്ളം ഉപയോഗിച്ച് എത്തരത്തിൽ കൃഷി ചെയ്യാം എന്നുള്ളത് ഹൈഡ്രോപോളിക് കൃഷിരീതി വ്യക്തമാക്കിയിരുന്നു. ഓരോ കുട്ടിക്കും താൻ ആയിരിക്കുന്ന അവസ്ഥയിൽ അതിന്റെ ചുറ്റുപാടിനോട് ഇണങ്ങിയ ചേർന്ന് തന്റെ വീട്ടിലേക്ക് ആവശ്യമായ ചെറിയ രീതിയിലുള്ള കർഷക വൃദ്ധിലേർപ്പെടാൻ ഈ സമ്പ്രദായത്തിലൂടെ സാധിക്കുന്നു ഭാവിയുടെ പ്രതീക്ഷയാണ് ഈ കാർഷികവൃത്തി എന്ന് നിസംശയം പറയാം. വിഷരഹിത പച്ചക്കറി സ്വപ്നം കാണുന്ന കേരളത്തിനെ സംബന്ധിച്ചിടത്തോളം ഭാവിതലമുറയിലേക്ക് കൃഷിയുടെ മഹത്വം വ്യക്തമാക്കി കൊടുക്കുന്നത് ഉചിതമായിരിക്കും. വിദ്യാഭ്യാസമേ എന്നാൽ കേവലം അറിവ് സമ്പാദനത്തിന് പുറത്തേക്ക് ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് ലക്ഷ്യങ്ങൾക്കുന്നത്. ഭാവിയിലേക്കുള്ള അവന്റെ ജീവിതത്തിന്റെ ചുവടുവെപ്പ് വിദ്യാലയത്തിന് ആരംഭിക്കണം ഇത്തരത്തിൽ ഹൈഡ്രോപോളിക് കൃഷി സമ്പ്രദായം പരിചയപ്പെടുത്തുന്നതിലൂടെ കുട്ടിയെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാൻ സാധിക്കുന്നു. വിഷരഹിത പച്ചക്കറി എന്ന വലിയ ആശയത്തിലേക്ക് സ്വപ്നത്തിലേക്ക് നമ്മുടെ പുതുതലമുറ നടക്കാൻ ഇതിലൂടെ സാധിക്കുന്നു.

# പുതുമയുള്ള കൃഷിരീ[illegible]

## ഹൈഡ്രോപോണിക്സ്

[illegible] അത്യാവശ്യമായ [illegible]
[illegible] ലായനിയിൽ സസ്യങ്ങളെ വളർത്തിയെടുക്കുന്ന
[illegible] ഹൈഡ്രോപോണിക്സ് എന്ന് പറയുന്നു. സസ്യങ്ങളെ
[illegible] ലായനിയിൽ ഉറപ്പിക്കുന്നതിനായി [illegible]
[illegible] രോഗങ്ങളും [illegible]
[illegible] ഒഴിവാക്കാനാകും [illegible]
[illegible] ഹൈഡ്രോപോണിക്സ് [illegible]



## മധുരവനം

[illegible]





## കാനനയാത്ര

പ്രകൃതിയെ അടുത്തറിയാം


പ്രകൃതിസ്നേഹത്തിൽ അധിഷ്ഠിതമായി വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി കാനനയാത്ര നടത്തി. 60ൽ പരം വിദ്യാർത്ഥികളും 10 അദ്ധ്യാപകരും യാത്രയിൽ പങ്കാളികളായി. ചിമ്മിനി ഡാമിന്റെ പരിസരപ്രദേശങ്ങളാണ് ഇതിനുവേണ്ടി തിരഞ്ഞെടുത്തത്. വെള്ളിക്കുളങ്ങര [illegible] നേതൃത്വം നൽകി. ഫോറസ്റ്റ് ഓഫീസിലെ ഉദ്യോഗസ്ഥൻ [illegible] വനത്തിന്റെ സവിശേഷതയെക്കുറിച്ച് ഉദ്യോഗസ്ഥൻ പ്രത്യേക ക്ലാസും സംഘടിപ്പിച്ചിരുന്നു.





# ഓർക്കിഡ്


[illegible]





# ...ക്കുഴി-മഴവെള്ള സംഭരണി

[illegible]



## പ്ലാസ്റ്റിക് മാലിന്യം റീസൈക്കിൾ ചെയ്യ നൽകൽ

ഉപയോഗശൂന്യമായ വസ്തുക്കൾ വിദ്യാർത്ഥികളുടെ വീടുകളിൽ നിന്ന് ശേഖരിച്ച്. അത് വിറ്റ് കിട്ടിയ പണം ഉപയോഗിച്ച് വിദ്യാലയത്തിലെ 10 വിദ്യാർത്ഥികൾക്ക് ഓണത്തോടനുബന്ധിച്ച് കിറ്റ് വാങ്ങി നൽകുകയും ചെയ്തു.






## മണ്ണ് സംരക്ഷണം

ഒരു നല്ല ജീവിതത്തിന് പ്രകൃതി സംരക്ഷണം എന്നത് വളരെ പ്രധാനപ്പെട്ടതാണ് മണ്ണെന്ന പോലെ ... മനുഷ്യരുൾപ്പെടെ കോടാനുകോടി ജീവികളാണുള്ളത് ... ലോകത്തെ സംരക്ഷിക്കുന്നതിനായി ഞങ്ങൾ പ്ലാസ്റ്റിക് ... മണ്ണിൽ ലയിച്ചു ചേരാത്ത വസ്തുക്കൾ മണ്ണിലേക്ക് വലിച്ചെറിയാതിരിക്കുകയും മണ്ണൊലിപ്പ് തടയുന്നതിനായി മതിൽ കെട്ടുകയും കുറ്റിച്ചെടികളും മരങ്ങളും വച്ചു പിടിപ്പിച്ചു



# പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ

[illegible]



# പൂമ്പാറ്റക്കൊരു പൂന്തോട്ടം

ഞങ്ങളുടെ സ്കൂളിൽ നിരവധി പൂച്ചെടികളുണ്ട്. അതിൽ കൂടുതൽ പൂമ്പാറ്റകളെ ആകർഷിക്കുന്നതാണ്. ഞങ്ങളുടെ ചെടികളിൽ കീടനാശിനികൾ ഉപയോഗിക്കാത്തതുകൊണ്ട് തന്നെ പൂമ്പാറ്റകൾ കൂടുതലായി വരാറുണ്ട്.





# പ്രദർശനം - പഠനയാത്ര

2022 - 23 അധ്യയന വർഷത്തിൽ വിദ്യാലയത്തിൽ പഠനയാത്ര നടത്തി. 10, 9, 7 ക്ലാസിലെ വിദ്യാർത്ഥികൾ യാത്രയിൽ പങ്കെടുത്തു മലമ്പുഴ, തിരുവനന്തപുരം, കന്യാകുമാരി, നിയമസഭ, കോവളം, ISRO തുടങ്ങിയ ഇടങ്ങൾ സന്ദർശിച്ചു. ഞങ്ങൾ കുട്ടികൾ പഠനയാത്ര ആസ്വദിച്ചു. യാത്രയുടെ റിപ്പോർട്ട് തയ്യാറാക്കി.





# JUNE 2023

- പ്രവേശനോത്സവം
- ലോകപരിസ്ഥിതിദിനം - പോസ്റ്റർ മത്സരം
- ഉള്ളൂർ ജന്മദിനം – ജീവചരിത്രം, ചാർട്ട്, കൃതികൾ ശേഖരണം
- ലോകബാലവേലാ വിരുദ്ധ ദിനം – പ്രസംഗ മത്സരം
- ലോക രക്തദാനദിനം
- വായനാദിനം - വായനാക്കുറിപ്പ് തയ്യാറാക്കുക, ദൃശ്യാവിഷ്കാരം, Reading copetion
- അന്തർദേശീയ യോഗാദിനം
- ഇംഗ്ലീഷ് ക്ലബ് രൂപീകരണം
- Interview with Doctor
- Making Fruits Garden
- Maths club രൂപീകരണം
- Maths Quiz
- Volleyball Coaching Camp ആരംഭിക്കുന്നു
- ലോക മയക്കുമരുന്ന് ദിനത്തോടനുബന്ധിച്ച് പോസ്റ്റർ മത്സരം

# JULY 2023

- വനമഹോത്സവദിനം
- ഡോക്ടേഴ്സ് ദിനം
- ബഷീർദിനം- നാടകാവതരണം പുസ്തക നിരൂപണം, ഏകാഭിനയം
- ലോക ജനസംഖ്യദിനത്തോടനുബന്ധിച്ച് Quize program
- Maths club ഉദ്ഘാടനം - ഗണിതപ്പാട്ട്
- ചാന്ദ്രദിനം
- News Reading competition
- Dr. APJ Abdul Kalam ഓർമ്മദിനം
- School തലത്തിൽ Art and Craft മത്സരങ്ങൾ
- ലോകപരിസ്ഥി സംരക്ഷണദിനം

# AUGUST 2023

- കർഷകദിനം - കർഷകനുമായി അഭിമുഖം
- സ്വാതന്ത്ര്യദിനാഘോഷം - പ്രസംഗമത്സരം, പതാക നിർമ്മാണ മത്സരം
- ദേശഭക്തി ഗാനാലാപനം
- നാഷണൽ സ്പോർട്സ് ഡേ ആചരിക്കുന്നു
- ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് പെയിന്റിങ് മത്സരം
- സ്വാതന്ത്ര്യസമര നേതാക്കളെ പരിചയപ്പെടുത്തൽ
- Work experience മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കൽ
- Geometrical pattern നിർമ്മിക്കൽ
- Athletic പരിശീലനം ആരംഭിക്കുന്നു.

## SEPTEMBER 2023

- യുദ്ധവിരുദ്ധ ദിനം
- അധ്യാപകദിനം -കവിതാരചന, കഥാരചനാ മത്സരം
- ഓണാഘോഷം - കേരളമങ്ക, മാവേലി മത്സരം
- ഹിന്ദി ദിനാചരണം - കഥ, കവിത മത്സരങ്ങൾ
- ലോക ഓസോൺ ദിനം - പോസ്റ്റർ നിർമ്മാണം, പ്രസംഗ മത്സരം
- ലോകസാക്ഷരത ദിനം
- ലോകസമാധാന ദിനം
- അറിയാനുള്ള അവകാശദിനം
- പ്രകൃതി സൗഹാർദ്ദ ദിനം
- മാക്സ് എക്സിബിഷൻ സ്കൂളുകൾ തലം
- വിവിധ സ്പോർട്സ് മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനായി കുട്ടികൾക്ക് പരിശീലനം നൽകൽ

# OCTOBER 2023

- ദേശീയ രക്തദാനദിനം
- ലോക വൃദ്ധദിനം
- ഗാന്ധിജയന്തിയോടനുബന്ധിച്ച്
  ആത്മകഥ വായിച്ച് വായനാകുറിപ്പ് തയ്യാ റാക്കൽ, ഗാന്ധിജിയുടെ
  ചിത്രകഥ തയ്യാറാക്കൽ
- വന്യജീവി സംരക്ഷണദിനം
- ദേശീയ തപാൽ ദിനം
- സംസ്ഥാന കായികദിനം
- ചങ്ങമ്പുഴ ജന്മദിനം- ജീവചരിത്രം, പ്രസംഗ മത്സരം
- Social science Exhibition
- ലോക വിദ്യാർത്ഥിദിനം
- Maths magazine തയ്യാറാക്കൽ
- Volley ball, Athletic മത്സരങ്ങളിൽ കുട്ടികളെ പങ്കെടു പ്പിക്കുന്നു.
- ലോക ഭക്ഷ്യദിനം

NOVEMBER 2023

- കേരളപ്പിറവി- പ്രസംഗം, ഗാനാലാപനം, ചുവർപത്രിക നിർ മ്മാണം, .......(എന്റെ കേരളം),മാഗസിൻ
- സി.വി. രാമൻ ദിനം
- ദേശീയ വിദ്യാഭ്യാസ ദിനം
- ശിശുദിനാചരണം- പ്രസംഗ മത്സരം,...........
- ലോക പ്രമേയ ദിനം
- ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ
- All kerala volleyball Tournament നടത്തുന്നു.

DECEMBER 2023

- ലോക എയ്ഡ്സ് ദിനം
- ലോക ഭിന്നശേഷി ദിനം
- മനുഷ്യാവകാശ ദിനം
- ക്രിസ്തുമസ് ആശംസ കാർഡ്, അലങ്കാര വസ്തുക്കളുടെ നിർ മ്മാണം
- നക്ഷത്ര നിർ മ്മാണം
- കരോൾ ഗാന മത്സരം
- ഉപന്യാസ മത്സരം (ജനസംഖ്യ ദിനം)
- Field trip (pond, barden)
- രാമാനുജൻ ദിനം
- ദേശീയ ഗണിത ദിനാചരണം

JANUARY 2024

- ലോക ഹിന്ദി ദിനം
- ദേശീയ യുവ ജനദിനം
- ദേശീയ പെൺകുട്ടി കളുടെ ദിനം
- റിപ്പബ്ലിക്ക് ദിനം
- ദേശഭക്തി ഗാന മത്സരം
- Flag നിർ മ്മാണ മത്സരം
- രക്തസാക്ഷി ദിനം

# FEBRUARY 2024

- അന്തർ ദേശീയ മാതൃഭാഷാദിനം- ഉപന്യാസ മത്സരം, പോസ്റ്റർ നിർമ്മാണം പ്രദർശനം, റാലി, കവിത ചൊല്ലൽ
- ഹി ന്ദി കവിത ര ച നാ മത്സരം
- ചിത്ര കഥ എഴുതൽ
- English Fest
- ലോക സ്കൗട്ട്സ് ദിനം
- ദേശീയ ശാസ്ത്ര ദിനം

## MARCH 2024

- വന്യജീവി ദിനാചരണം
- ജലദിനം- പോസ്റ്റർ നിർമ്മാ ണം
- അന്തർ ദേശീയ വനിതാദിനം
- ലോക ഉപഭോക്തൃ ദിനം
- ലോക വനവൽക്കരണ ദിനം
- കാലാവസ്ഥാ ദിനം

# ഉപസംഹാരം

വെള്ളിക്കുളങ്ങര പ്രസന്റേഷൻ സ്കൂൾ പാഠ്യേതര വിഷയങ്ങളിൽ ളരെ മികവ് പുലർത്തുന്നതിൽ മുന്നിട്ട് നില്ക്കുന്നു. സമഗ്രവികസന ദ്ധതിയുടെ എല്ലാ നൂതന സ്രോതസ്സുകളും വളരെ നല്ല വിധത്തിൽ യോജനപ്പെടുത്തുന്നു. അതിനുള്ള പ്രോത്സാഹനങ്ങളും മറ്റും ദ്യാഭ്യസമന്ത്രയും മാനേജ്മെന്റും PTA ഒത്തൊരുമിച്ച് തരുന്നു. ദ്യാതഥിളുടെ സമഗ്രവളർച്ചക്ക് പാഠ്യവിഷയങ്ങളിടെ മികവിന് -Tech പദ്ധതിയിലൂടെ ഒത്തിരിയേറെ ഗുണമേൻമയുണ്ട്. ത്തരത്തിലുള്ള പദ്ധികൾ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നസിക വളർച്ചയ്ക്കുതകുന്നതും മറ്റുകുട്ടികൾക്ക് താല്പര്യം നിപ്പിക്കുന്നുമായ ഈ വിദ്യാഭ്യാസരീതി ഏവർക്കും സംലഭ്യമാകട്ടെ ന്നാശംസിച്ചുകൊണ്ട് നിർത്തുന്നു.

| | |
|---|---|
| School Name | P C G H S Vellikulangara |
| School Code | 23040 |
| Sub District | Chalakudy |
| Edu District | Irinjalakuda |
| Revenue District | Thrissur |
| Established Year | 1954 |
| Vidhyalaya Vikasana Samithi | Not Entered |
| Whether Under Department Of General Education | Yes |
| Street | Vellikulangara |
| Grama Panchayath | Mattathur |
| Parliamentary Constituency | Thrissur |
| Assembly Constituency | Pudukkad |
| Taluk | Mukundapuram |
| Pincode | 680699 |
| School Management Type | Aided |
| School Type | Mixed |
| Pre Primary Is Attached ? | Yes |
| School Habitation | Rural |
| Exam Centre Code | 23040 |
| UDISE Code | 32070802509 |
| School Section | Hs |
| School Level | 5 10 |
| Year Of Recognition Up | 1954 |
| Year Of Recognition Hs | 1957 |
| Year Of Upgradation Up To Hs | 1957 |
| Year of Upgradation HS to HSS | |
| Headmaster Name | Sr Lizy P V |
| School Phone | 04802740174 |
| School Email | pcghsvellikulangara@yahoo.com |
| PTA President Name | SRI SATHYAN V G |
| PTA President Mobile Number | 9946041041 |
| Mother PTA Name | MEENU REJI |
| Mother PTA Mobile Number | [illegible] |